അപ്പർ കുട്ടനാട് മേഖലയിലെ കൃഷിനാശം

116 [2105] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്പർ കുട്ടനാട് മേഖലയിൽ ഇക്കഴിഞ്ഞ വേനൽമഴയിൽ ഉണ്ടായിട്ടുള്ള കൃഷിനാശം തിട്ടപ്പെടുത്തിയിട്ടുണ്ടോ;

(ബി) നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നഷ്ടപരിഹാരം എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇക്കഴിഞ്ഞ വേനൽമഴയിൽ വിവിധ വിളകൾ നശിച്ചതിന് 4,46,82,050 രൂപയുടെ നഷ്ടമുണ്ടായതായി തിട്ടപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഫണ്ട് ലഭ്യമായാൽ ഉടൻതന്നെ നഷ്ടപരിഹാരം വിതരണം ചെയ്യുന്നതാണ്.

ദേശസാൽകൃത ബാങ്കുകളിൽനിന്ന് കർഷകർക്ക് ലഭിക്കുന്ന ലോൺ

117 [2106] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കാർക്ക് ദേശസാൽകൃത ബാങ്കുകളിൽനിന്നും ലോൺ ലഭിക്കുന്നതിന് കൃഷിവകുപ്പ് മുൻകൈയെടുത്ത് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്; അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ തരത്തിലുള്ള ലോണുകളാണ് കേരളത്തിൽ കൃഷിക്കാർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്; വിശദാംശം വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ദേശസാൽകൃത ബാങ്കുകളിൽനിന്ന് കൃഷിക്കാർക്ക് ആകെ എത്ര തുക ലോണായി ലഭിച്ചു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; കല്ലിയൂർ, തിരുവല്ലം, വെങ്ങാനൂർ, വിഴിഞ്ഞം, കോട്ടുകാൽ, കാഞ്ഞിരംകുളം, കരുങ്കുളം, തിരുപുറം വില്ലേജുകളിൽ അപ്രകാരം എത്ര കൃഷിക്കാർക്ക് എന്തു തുക ലോണായി ലഭിച്ചു; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) കൃഷിവകുപ്പ് നേരിട്ട് കർഷകർക്ക് വായ്പ നൽകുന്നില്ല. പഞ്ചായത്തിലെ കാർഷിക സ്ഥിതി അവലോകനം ചെയ്ത് വായ്പാ പദ്ധതികൾ തയ്യാറാക്കുക, വിവിധ പദ്ധതി നടത്തിപ്പിനായി ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കർഷകർക്ക് വായ്പ ലഭ്യമാക്കുന്നതിന് ഒത്താശകൾ നൽകുക എന്നിവ കൃഷിഭവൻ വഴി നടപ്പിലാക്കിവരുന്നു. ജില്ല, ബ്ലോക്ക് തലങ്ങളിലുള്ള ബാങ്കേഴ്സ് കമ്മിറ്റികൾ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി, റിസർവ്വ് ബാങ്കിന്റെ എംപവേർഡ് കമ്മിറ്റി എന്നിവയിൽ

LIBRARY ARCHIVES Kerala Legislative Assembly